# പതിനാലാം കേരളനിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4586 25.06.2019 ൽ മറുപടിക്ക്

### വില്ലേജ് ഓഫീസർമാരുടെ ശമ്പള സ്കെയിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | 20.01.2016-ലെ ജി.ഒ.(പി) നം. 07/2016/ഫിൻ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരുടെ ശമ്പളം 01.07.2014 പ്രാബല്യത്തിൽ 29,200-62,400 എന്ന നിരക്കാക്കി പുനർനിർണ്ണയിച്ചിട്ടുണ്ടോ; | (എ) | 20.01.2016-ലെ ജി.ഒ.(പി) നം. 07/2016/ഫിൻ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സംസ്ഥാനത്തെ വില്ലേജ് ആഫീസർമാരുടെ ശമ്പളം 01/07/2014 പ്രാബല്യത്തിൽ 29,200-62,400 എന്ന നിരക്കിൽ പുനർ നിർണ്ണയിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ നിലവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത നിരക്കിലാണോ ശമ്പളം അനുവദിക്കുന്നത്;അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | നിലവിൽ വില്ലേജ് ആഫീസർമാർക്ക് പ്രസ്തുത നിരക്കിൽ ശമ്പളം അനുവദിക്കുന്നില്ല. റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾ 14,620-25,280 ശമ്പള സ്കെയിലിലുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകളായിട്ടാണ് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം നിലവിലുണ്ടായിരുന്നത്. 10-ാം ശമ്പളപരിഷ്കരണ ഉത്തരവിൽ ടി തസ്തികകളെ രണ്ടായി പരിഗണിച്ച് വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിലും, റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾക്ക് 27,800-59,400 എന്ന സ്കെയിലും അനുവദിച്ചുത്തരവായിരുന്നു. എന്നാൽ ടി തസ്തികകൾ വിഭജിച്ചു കൊണ്ട് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതി വരുത്തുന്നതിനു കാലതാമസം വരുമെന്നതിനാൽ പ്രസ്തുത വിഷയത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | വില്ലേജ് ഓഫിസർ തസ്തികയിലേക്ക് നിലവിൽ സ്ഥാനക്കയറ്റം നല്കുന്നുണ്ടോ, ഉണ്ടെങ്കിൽ അവർക്ക് 29,200-62,400 എന്ന നിരക്കിലാണോ ശമ്പളം | (സി) | വില്ലേജ് ആഫീസർ തസ്തികയിലേക്ക് നിലവിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നില്ല. 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ ടി തസ്തികകളെ രണ്ടായി പരിഗണിച്ച് വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന |

| | |
|---|---|
| അനുവദിക്കുന്നത്; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | സ്കെയിലും, റവന്യൂ ഇൻസ്പെക്ടർ/ ഹെഡ് ക്ലാർക്ക് തസ്തികകൾക്ക് 27,800-59,400 എന്ന സ്കെയിലും അനുവദിച്ചുത്തരവായിരുന്നു. ഫീഡർ തസ്തികയായ യു.ഡി.സി തസ്തികയിൽ നിന്നും നിലവിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകളിലേക്ക് 27,800-59,400 എന്ന സ്കെയിലിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്.<br><br>എന്നാൽ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിലവിലുള്ള എച്ച്.സി./ആർ.ഐ/വി.ഒ. തസ്തികയെ വിഭജിച്ച് വില്ലേജാഫീസർ തസ്തികയെ പ്രത്യേകമാക്കി ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ നിലവിൽ എച്ച്.സി/ആർ.ഐ. തസ്തികയിലേക്ക് നൽകിയ താൽക്കാലിക പ്രൊമോഷനുകൾ റഗുലറൈസ് ചെയ്യാനും എച്ച്.സി/ആർ.ഐ. തസ്തികയിൽ നിന്നും സീനിയോറിറ്റി ക്രമമനുസരിച്ച് പ്രമോഷൻ നൽകി വില്ലേജാഫീസർമാരെ നിയമിക്കാനും സാധിക്കുകയുള്ളു. ടി പ്രക്രിയ പൂർണ്ണമാകുന്നത് വരെ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളനുസരിച്ചുള്ള എച്ച്.സി./ആർ.ഐ/വി.ഓ. തസ്തികകളിൽ ഏത് തസ്തികയിലേക്കും നിയമിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ഭരണസ്തംഭനം ഒഴിവാക്കുന്നതിനും എച്ച്.സി., ആർ.ഐ തസ്തികകളിലെ ജീവനക്കാരെ വില്ലേജാഫീസർ തസ്തികയിൽ ജില്ലാ കളക്ടർമാർ നിയമിക്കുകയാണ് ചെയ്തു വരുന്നത്. വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിൽ അനുവദിക്കുന്നതിനായി ടി തസ്തികകൾ വിഭജിച്ചു കൊണ്ട് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനു കാലതാമസം വരുമെന്നതിനാൽ പ്രസ്തുത വിഷയത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**